## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1749. 10-02-2020-ലെ മറുപടിക്ക്.

### കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

ചോദ്യം | ഉത്തരം

ശ്രീ. പി.സി. ജോർജ്ജ്.

ഡോ. കെ.ടി. ജലീൽ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | എ) | സാങ്കേതിക മേഖലയിലെയും വ്യവസായ മേഖലയിലെയും മാറി മാറി വരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി അസാപ്പിനു കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിച്ചു വരുന്നു. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ. മുതലായ സ്ഥാപനങ്ങളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ച് വ്യവസായ മേഖലയിലെ ആവശ്യങ്ങൾക്കനുസൃതമായ നൈപുണ്യ പരിശീലനം നൽകുന്നു. പ്രായോഗിക പരിശീലനം ഉറപ്പാക്കുന്നതിനായി പരിശീലനം നേടിയ വിദ്യാർത്ഥികളെയും പരിശീലന സ്ഥാപനങ്ങളെയും കൂട്ടിയിണക്കുന്നതിനായി ഇന്റേൺഷിപ് പോർട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഇതിനായി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | ഉണ്ട്. കാസർഗോഡ്, പാണ്ടിക്കാട്, ലക്കിടി, ചാത്തന്നൂർ, പെരുമ്പാവൂർ, കളമശ്ശേരി, കുന്നന്താനം, കുളക്കട എന്നീ എട്ടിടങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും വയനാട് ജില്ലയിലെ സി.എസ്.പി. മാനന്തവാടിയുടെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. കൂടാതെ പാലയാട്, തവനൂർ, കുന്നംകുളം, ചെറിയ കലവൂർ, പാമ്പാടി, കഴക്കൂട്ടം, വിഴിഞ്ഞം എന്നീ ഏഴിടങ്ങളിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | കമ്മ്യൂണിറ്റി സ്കിൽ പാർക്കുവഴി ഏതെല്ലാം തരത്തിലുള്ള തൊഴിൽ പരിശീലനമാണ് വിദ്യാർത്ഥികൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്; | സി) | സാങ്കേതിക മേഖലയിലെയും വ്യവസായ മേഖലയിലെയും ആവശ്യകതക്കനുസരിച്ചുള്ള നൈപുണ്യ വികസന കോഴ്സുകളിലാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴി പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്. അത് പ്രകാരം ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐ.ഒ.ടി.), ബ്ളോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ |

| | | | |
|---|---|---|---|
| | | | ഇന്റലിജൻസ് തുടങ്ങിയ മേഖലകളിലെ കോഴ്സുകളിലും അപ്പാരൽ, ഫുഡ് & ബീവറേജ്സ്, ഓട്ടോമൊബൈൽ, ലോജിസ്റ്റിക്, ഹോസ്പിറ്റാലിറ്റി, ബ്യൂട്ടി & വെൽനസ്സ്, മാന്യുഫാക്ച്യുറിംഗ് മുതലായ കോഴ്സുകളിലുമാണ് പരിശീലനം നൽകുന്നത്. |
| ഡി) | ഈ പാർക്കുകളിൽ നിർമ്മാണം പൂർത്തിയായവയിൽ തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | നിർമ്മാണം പൂർത്തീകരിച്ച എട്ട് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ഏഴ് ഇടങ്ങളിൽ നൈപുണ്യ പരിശീലനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ